## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ - പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ .പി.പദ്മകുമാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം മുൻപാകെ ഫയൽ ചെയ്ത OA (EKM) 608/26 നമ്പർ കേസിന്മേലുള്ള 26/5/2026 ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഒ.എ (ഇ.കെ.എം) 608/26 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/5/2026 തീയതിയിലെ ഉത്തരവ്

2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ. പി.പദ്മകുമാർ സമർപ്പിച്ച Annexure A6 പ്രകാരമുള്ള 14/4/2026 തീയതിയിലെ നിവേദനം

3. ഉത്തരവ് നം. ഇ.ബി 4-9484/2026/ആവഡ തീയതി 02/6/2026

**ഉത്തരവ് നം: ഇ.ബി 4-12408/2026/ആവഡ തീയതി:** #ApprovedDate#

---

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ. പി.പദ്മകുമാർ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം മുൻപാകെ OA (EKM) 608/26 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ആയതിൽ പരാമർശം 1 പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷകൻ Annexure A6 പ്രകാരം സമർപ്പിച്ച ഹർജി വിധി പകർപ്പ് ലഭ്യമായി ഒരു

മാസത്തിനകം അല്ലെങ്കിൽ പൊതുസ്ഥലമാറ്റത്തിൻ്റെ അന്തിമ പട്ടിക പുറപ്പെടുവിക്കുന്നതിന് മുൻപ് ഏതാണോ ആദ്യം ആയത് രണ്ടാം എതിർകക്ഷിയായ ആരോഗ്യവകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു .

2. പരാമർശം 2 ലെ Annexure A6 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നത്.

താൻ നിലവിൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ആയി സേവനമനുഷ്ഠിച്ചുവരുന്നു. ആരോഗ്യ വകുപ്പിൽ 27 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. 31.12.2027-ന് താൻ സർവീസിൽ നിന്നും വിരമിക്കുന്നു, അതിനാൽ വിരമിക്കാൻ ഇനി രണ്ട് വർഷത്തിൽ താഴെ മാത്രമാണ് സേവനകാലാവധി അവശേഷിക്കുന്നത്. കോഴിക്കോട് സ്വദേശിയാണ്. നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട്. പൊതുസ്ഥലംമാറ്റത്തിനായുള്ള 25.02.2017-ലെ ജി.ഒ.(പി) നമ്പർ 3/2017/പി &എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ ക്ലോസ് 10(xi) പ്രകാരം സർവീസിൽ രണ്ട് വർഷത്തിൽ താഴെ കാലാവധി മാത്രം ശേഷിക്കുന്ന ജീവനക്കാർക്ക് മുൻഗണന ഉണ്ട്. കൂടാതെ, നിലവിലെ സ്ഥാപനമായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഒരു കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് ഉണ്ടാകാൻ സാധ്യതയുണ്ട്. പ്രസ്തുത ഒഴിവിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് അതേ സ്റ്റേഷനിൽ തന്നെ തുടരാൻ അർഹനാണ്. 2026-ലെ പൊതുസ്ഥലമാറ്റത്തിനായി സർക്കാർ 10.04.2026-ലെ നടപടിക്രമം പ്രകാരം അപേക്ഷകൾ ക്ഷണിക്കുകയും, അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയായി 27.04.2026 നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച്, തന്റെ ഒന്നാം മുൻഗണനയായി കോഴിക്കോട് ജനറൽ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവിലേക്കും, രണ്ടാം മുൻഗണനയായി നിലവിലെ സ്ഥാപനമായ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കൺസൾട്ടന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവും രേഖപ്പെടുത്തിയിരുന്നു. തന്റെ ആരോഗ്യസ്ഥിതി കാരണം യാത്ര ഉൾപ്പെടെയുള്ള കഠിനമായ ജോലികൾ നിർവഹിക്കുന്നതിന് ഗുരുതരമായ പരിമിതികൾ ഉണ്ട്. അടുത്തിടെ ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും

ആയതുമായി ബന്ധപ്പെട്ട് ചികിത്സ തുടർന്നു വരികയുമാണ്. ആയതിനാൽ അനാരോഗ്യവും വിരമിക്കൽ തീയതിയും പരിഗണിച്ച് കോഴിക്കോട് ജനറൽ ആശുപത്രിയിലോ, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലോ, പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുകയോ, കോഴിക്കോട് ജനറൽ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുകയോ, അല്ലെങ്കിൽ ഒരു ഒഴിവ് നിലവിൽ വരുന്നത് വരെ നിലവിലെ സ്റ്റേഷനിൽ നിലനിർത്തണം.

3.ഡോ.പി.പദ്മകുമാർ -ന്റെ വാദഗതി വിശദമായി പരിശോധിച്ചു.

കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ആയ ഡോ.പി. പദ്മകുമാർ 17/05/2022 മുതൽ ടി സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചു വരുന്നു. 2026-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷകൻ കോഴിക്കോട് ജനറൽ ആശുപത്രിയിലേക്ക് ഒരു ഓപ്ഷൻ ആണ് സമർപ്പിച്ചിരുന്നത്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ ഡോ.സുചരിത.എം. എം. 16/06/2025 മുതൽ ആണ് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നത്. ഡോ.സുചരിത.എം.എം.ന്റെ വിരമിക്കൽ തീയതി 30/09/2026 ആണ് .ആയതിനാൽ 2026 ലെ പൊതുസ്ഥലംമാറ്റത്തിൽ ഡോ .പി.പദ്മകുമാർ-ന്റെ ഓപ്ഷൻ പരിഗണിക്കാൻ നിർവാഹമില്ല. എന്നിരുന്നാലും അപേക്ഷകന്റെ വിരമിക്കൽ തീയതി (31.12.2027) പരിഗണിച്ച് പരാമർശം 3 പ്രകാരമുള്ള പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിലെ കരട് പട്ടികയിൽ ഡോ. പി. പദ്മകുമാർ- നെ നിലവിൽ സേവനമനുഷ്ഠിക്കുന്ന കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലനിർത്തിയിരുന്നു. കോഴിക്കോട് ജനറൽ ആശുപത്രിയിലോ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലോ പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കണമെന്ന് ഹർജിയിൽ പറഞ്ഞിരിക്കുന്നു. പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നടത്തുന്നതിനായി വകുപ്പ്തല സ്ഥാനക്കയറ്റ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ്

ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുകളും യോഗ്യതയ്ക്കും അനുസരിച്ച് പരിഗണിക്കുന്നതായിരിക്കും. കോഴിക്കോട് ജനറൽ ആശുപത്രിയിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ പ്രതീക്ഷിത ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത ഒഴിവ് നിലവിൽ വരുന്ന സാഹചര്യത്തിൽ യോഗ്യതയ്ക്കും, സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും വിധേയമായി പരിഗണിക്കുന്നതാണ് .

മേൽപ്പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ഹർജിക്കാരന്റെ അപേക്ഷയും ടിയാളുടെ വിരമിക്കൽ തീയതിയും പരിഗണിച്ച് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള സ്ഥാപനത്തിൽ തന്നെ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ (ഇ.കെ.എം 608/26) നമ്പർ കേസിന്മേലുള്ള പരാമർശം 1 വിധിന്യായം ഇപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Digitally signed by
Meenakshy V
Date: 27-06-2026
15:00:39

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ .പി.പദ്മകുമാർ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ് )

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം )
2. അഡിഷണൽ ചീഫ് സെക്രട്ടറി ,ആരോഗ്യ കുടുംബ ക്ഷേമ (എ ) വകുപ്പ് (ആമുഖ കത്ത് സഹിതം )